**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5016** **28.10.2016 ൽ മറുപടിയ്ക്ക്**

**റബ്ബർ കർഷകർക്കുള്ള സബ്സിഡി**

| **ചോദ്യം**<br>**ശ്രീ.മഞ്ഞളാംകുഴി അലി** | | **ഉത്തരം**<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(ബഹു.കൃഷി വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ റബ്ബർ കർഷകർക്കുള്ള സബ്സിഡി യഥാസമയം വിതരണം ചെയ്തിട്ടുണ്ടോ;<br>(ബി) ഇല്ലെങ്കിൽ സബ്സിഡി യഥാസമയം ലഭിക്കാത്തത് കർഷകർക്ക് പ്രയാസം സൃഷ്ടിക്കുന്നതാണെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. |
| സി) റബ്ബർ ഉത്പാദക സംഘങ്ങളിൽ വൻതോതിൽ ലാറ്റക്സും റബ്ബർഷീറ്റും കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഈ അവസ്ഥയ്ക്ക് കാരണമെന്താണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ;<br>(ഡി) റബ്ബർകർഷകരുടെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിനും സബ്സിഡി യഥാസമയം വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) & (ഡി) | സ്വാഭാവിക റബ്ബറിന്റെ വിലയിടിവിൽ നിന്നും കർഷകർക്ക് ആശ്വാസം നൽകുന്നതിന് 'റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി' നടപ്പിലാക്കി വരുന്നു. സർക്കാർ ധനകാര്യ വകുപ്പും, റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത് . 2015-16 സാമ്പത്തിക വർഷം അനുവദിച്ച 300 കോടി രൂപയും വിതരണം നടത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 500 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ